2025
NOVEMBER
14
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കൊച്ചിൻ ഷിപ്പ്‌യാർഡിന് 107.5 കോടി ലാഭം

## ഇടക്കാല ലാഭവിഹിതം പ്രഖ്യാപിച്ചു



**കൊച്ചി:** കൊച്ചിൻ ഷിപ്പ്‌യാർഡ് നടപ്പു സാമ്പത്തിക വർഷത്തെ രണ്ടാംപാദമായ ജൂലൈ-സെപ്റ്റംബറിൽ 107.5 കോടി രൂപയുടെ ലാഭം രേഖപ്പെടുത്തി. മുൻവർഷത്തെ സമാനപാദത്തിലെ 189 കോടി രൂപയേക്കാൾ 43% കുറവാണിത്. പ്രവർത്തന വരുമാനം 1,143.19 കോടി രൂപയിൽനിന്ന് 2.2% കുറഞ്ഞ് 1,118.58 കോടി രൂപയുമായെന്ന് സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്ക് സമർപ്പിച്ച റിപ്പോർട്ടിൽ കമ്പനി വ്യക്തമാക്കി.

കഴിഞ്ഞപാദത്തിൽ ചെലവുകൾ 980 കോടി രൂപയിൽനിന്ന് 1,095.97 കോടി രൂപയായി വർധിച്ചത് കമ്പനിയുടെ ലാഭത്തെ ബാധിച്ചു. നികുതി, പലിശ തുടങ്ങിയ ബാധ്യതകൾക്ക് മുൻപുള്ള ലാഭം 197 കോടി രൂപയിൽ നിന്ന് 74 കോടി രൂപയിലേക്കാണ് കുറഞ്ഞത്; ഇടിവ് 63%. ലാഭ മാർജിൻ, പ്രവർത്തന മാർജിൻ എന്നിവയിലും കുറവുണ്ട്.

അതേസമയം, നടപ്പുവർഷത്തെ ഇടക്കാല ലാഭവിഹിതമായി കമ്പനി ഓഹരിക്ക് 4 രൂപവീതം പ്രഖ്യാപിച്ചു. നവംബർ 18 ആണ് ഇതിന്റെ റെക്കോർഡ് തീയതി. അതായത്, നവംബർ 18നകം കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ ഓഹരികൾ കൈവശംവച്ചിരിക്കുന്നവരാണ് ലാഭവിഹിതത്തിന് അർഹർ. ഡിസംബർ 11നകം ലാഭവിഹിതം വിതരണം ചെയ്യും.

# നെവിൽ ടാറ്റയ്ക്ക് നിർണായക പദവി



**മുംബൈ:** ടാറ്റ ട്രസ്റ്റ്സിന്റെ ഡയറക്ടർ ബോർഡിൽ ചെയർമാൻ നോയൽ ടാറ്റയുടെ മകൻ നെവിൽ ടാറ്റയെ (33) ഉൾപ്പെടുത്തി. തൽക്കാലം മൂന്നു വർഷത്തേക്കാണു നിയമനം. ഡയറക്ടർ ബോർഡിൽ ഇതോടെ ടാറ്റ കുടുംബത്തിൽ നിന്ന് മൂന്നു പേരായി. നോയലിന്റെ അർധ സഹോദരനും അന്തരിച്ച രത്തൻ ടാറ്റയുടെ സഹോദരനുമായ ജിമ്മി ടാറ്റയാണ് മറ്റൊരാൾ. എതിർ ചേരിയിലായിരുന്ന മെഹ്‌ലി മിസ്ത്രിയുടെ ട്രസ്റ്റി പദവി പുതുക്കാത്തതിനെ തുടർന്ന് അദ്ദേഹം കഴിഞ്ഞ മാസം രാജിവച്ചിരുന്നു.

നോയലിനോട് അടുപ്പം പുലർത്തുന്ന ടിവിഎസ് മോട്ടോഴ്സ് ചെയർമാൻ ഇമെരിറ്റസ് വേണു ശ്രീനിവാസനെ ടാറ്റ ട്രസ്റ്റ്സ് വൈസ് ചെയർമാനായി വീണ്ടും നിയമിച്ചു. വിശ്വസ്തനും ടൈറ്റൻ മുൻ മാനേജിങ് ഡയറക്ടറുമായ ഭാസ്കർ ഭട്ടിനെയും ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിയതോടെ നോയലിന് സമ്പൂർണ മേധാവിത്വമായി.

സ്റ്റാർ ബസാർ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കു നേതൃത്വം നൽകുന്ന ട്രെൻഡ് ഹൈപ്പർ മാർക്കറ്റിന്റെ ബിസിനസ് മേധാവിയാണ് നെവിൽ. വസ്ത്ര റീട്ടെയ്ൽ ശൃംഖലയായ സുഡിയോയുടെ ചുമതല വഹിച്ചിട്ടുണ്ട്.

ടൊയോട്ട കിർലോസ്കർ വൈസ് ചെയർപഴ്സൻ മാനസിയാണ് ഭാര്യ. മൂത്ത സഹോദരി ലിയ, താജ് ഉൾപ്പെടെ ഹോട്ടൽ ബിസിനസിനു നേതൃത്വം നൽകുന്ന ഇന്ത്യൻ ഹോട്ടൽ കമ്പനിയുടെ ചുമതല വഹിക്കുന്നു. ഇളയ സഹോദരി മായ, ടാറ്റ ഡിജിറ്റലിന്റെ തലപ്പത്തുണ്ട്.

# കേരളം ഒഴികെ രാജ്യത്തെമ്പാടും സാധനങ്ങൾക്ക് വിലക്കുറവ്

**കൊച്ചി:** ജനങ്ങൾ വാങ്ങുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം രാജ്യത്ത് ദശാബ്ദത്തിലെ ഏറ്റവും താഴ്ചയിൽ. റീട്ടെയ്ൽ പണപ്പെരുപ്പം അഥവാ ചില്ലറ വിലക്കയറ്റത്തോത് (സിപിഐ ഇൻഫ്ലേഷൻ) സെപ്റ്റംബറിലെ 1.44 ശതമാനത്തിൽ നിന്ന് 0.25 ശതമാനമായാണ് താഴ്ന്നതെന്ന് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം വ്യക്തമാക്കി. കേന്ദ്രം നിലവിലെ പണപ്പെരുപ്പ മാനദണ്ഡം ഉപയോഗിക്കാൻ തുടങ്ങിയ 2015നുശേഷമുള്ള ഏറ്റവും താഴ്ചയാണിത്. 6.21 ശതമാനമായിരുന്നു 2024 ഒക്ടോബറിൽ.

കേരളത്തിൽ പക്ഷേ, ദേശീയ ട്രെൻഡിന് കടകവിരുദ്ധമായി വിലക്കയറ്റം അതിരൂക്ഷമായി തുടരുകയാണ്. മറ്റെല്ലാ സംസ്ഥാനങ്ങളിലും പണപ്പെരുപ്പം റിസർവ് ബാങ്കിന്റെ പരിധിയായ 4 ശതമാനത്തിന് താഴെയാണ്. കേരളത്തിൽ 8.56%. തുടർച്ചയായ 10ാം മാസവും ഇതോടെ പണപ്പെരുപ്പം ഏറ്റവും കൂടുതലുള്ള സംസ്ഥാനമെന്ന മോശം പ്രതിച്ഛായ നിലനിർത്തുകയും ചെയ്തു. രണ്ടാംസ്ഥാനത്തുള്ള ജമ്മു കശ്മീരിൽ 2.95 ശതമാനമേയുള്ളൂ. മൂന്നാമതുള്ള കർണാടകയിൽ 2.34%. പഞ്ചാബാണ് നാലാമത്; 1.81%, അഞ്ചാമതുള്ള തമിഴ്നാട്ടിൽ 1.29%.

ദേശീയതലത്തിൽ കഴിഞ്ഞമാസം ഗ്രാമീണ പണപ്പെരുപ്പം സെപ്റ്റംബറിലെ 1.07 ശതമാനത്തിൽനിന്ന് നെഗറ്റീവ് 0.25 ശതമാനമായി കുറഞ്ഞു. നഗരങ്ങളിലേത് 1.83ൽ നിന്ന് കുറഞ്ഞ് 0.88 ശതമാനത്തിലുമെത്തി. രാജ്യത്ത് ഭക്ഷ്യോൽപന്നങ്ങളുടെ വിലനിലവാരം അഥവാ ഭക്ഷ്യവിലപ്പെരുപ്പം (ഫുഡ് ഇൻഫ്ലേഷൻ) നെഗറ്റീവ് 5.02 ശതമാനത്തിലേക്കും ഇടിഞ്ഞു. ഗ്രാമങ്ങളിൽ ഇത് നെഗറ്റീവ് 4.85 ശതമാനവും നഗരങ്ങളിൽ നെഗറ്റീവ് 5.18 ശതമാനവുമാണ്. തുടർച്ചയായ 5ാം മാസമാണ് ഭക്ഷ്യവിലപ്പെരുപ്പം പൂജ്യത്തിനും താഴെയാകുന്നത്. കഴിഞ്ഞവർഷം ഒക്ടോബറിൽ 10.87 ശതമാനമായിരുന്നു.

ഭക്ഷ്യവിലപ്പെരുപ്പം കുറഞ്ഞുനിൽക്കുന്നത് ഉപഭോക്താക്കൾക്ക് വൻ ആശ്വാസമാണ്. അടുക്കള ബജറ്റ് കുറയുന്നത് ജനങ്ങൾക്ക് പണം മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താൻ സഹായകവുമാകും. റീട്ടെയ്ൽ പണപ്പെരുപ്പം താഴ്ന്നുനിൽക്കുന്നത് റിസർവ് ബാങ്കിനെ അടിസ്ഥാന പലിശനിരക്ക് കുറയ്ക്കാനും പ്രേരിപ്പിക്കും. അതുവഴി ജനങ്ങളുടെ ബാങ്ക് വായ്പാപ്പലിശ ഭാരവും കുറയും. എന്നാൽ, പണപ്പെരുപ്പം വലിയതോതിൽ കുറയുന്നതും ദോഷം ചെയ്യും. ഇതു 2 ശതമാനത്തിനും 6 ശതമാനത്തിനും മധ്യേ തുടരുന്നതാണ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് അഭികാമ്യമെന്ന് റിസർവ് ബാങ്ക് വ്യക്തമാക്കിയിരുന്നു. ജിഎസ്ടി നിരക്കുകൾ കുറഞ്ഞതിനാൽ നടപ്പുവർഷം പണപ്പെരുപ്പം ഇനിയും കുറയാനുള്ള സാധ്യതയാണ് റിസർവ് ബാങ്ക് കാണുന്നത്.






# കയറ്റുമതി പ്രോത്സാഹനത്തിന് 25,060 കോടിയുടെ ഉത്തേജക പദ്ധതി

**ന്യൂഡൽഹി:** യുഎസിന്റെ പകരം തീരുവ മൂലം പ്രതിസന്ധിയിലായ കയറ്റുമതി മേഖലയ്ക്ക് കരുത്തേകാനായി 25,060 കോടി രൂപ ചെലവിൽ കയറ്റുമതി പ്രോത്സാഹന മിഷന് കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി. ഫെബ്രുവരിയിൽ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി വൈകിയാണ് യാഥാർഥ്യമാകുന്നത്. 6 വർഷമാണ് പദ്ധതി കാലയളവ്. തീരുവയുദ്ധം മൂലം പ്രതിസന്ധിയിലായ സമുദ്രോൽപന്നമേഖല, ടെക്സ്റ്റൈൽസ്, ലെതർ, ജ്വല്ലറി, എൻജിനീയറിങ് ഗുഡ്സ് എന്നിവയ്ക്കായിരിക്കും മുൻഗണന. ഇതിനായി പ്രത്യേക ഡിജിറ്റൽ പ്ലാറ്റ്ഫോം നിലവിൽ വരും.

വായ്പകളിൽ പലിശയിളവ് നൽകും. ഇ-കൊമേഴ്സ് വഴിയുള്ള കയറ്റുമതിക്കാർക്ക് വായ്പലഭ്യതയ്ക്കായി ക്രെഡിറ്റ് കാർഡുകൾ ലഭ്യമാക്കും. പുതിയ വിപണികളിലേക്ക് ചെറുകിട സംരംഭങ്ങൾക്ക് ചുവടുറപ്പിക്കാനുള്ള പദ്ധതികളുമുണ്ടാകും. മറ്റു രാജ്യങ്ങൾ ഏർപ്പെടുത്തുന്ന തീരുവ ഇതര പ്രതിബന്ധങ്ങൾ നേരിടാനുള്ള പിന്തുണയും നൽകും. ഉൽപന്നങ്ങളുടെ ടെസ്റ്റിങ്, ഗുണനിലവാര പരിശോധന, ഓഡിറ്റ് എന്നിവയ്ക്ക് സർക്കാർ സഹായമുണ്ടാകും. ബ്രാൻഡിങ് ക്യാംപെയ്നുകളും നടപ്പാക്കും. ചെറുകിട സംരംഭകർക്കും മറ്റും 20,000 കോടി രൂപയുടെ അധിക വായ്പ പിന്തുണ നൽകുന്നതിനായി ക്രെഡിറ്റ് ഗാരന്റി സ്കീം വിപുലപ്പെടുത്തുന്നതിനും മന്ത്രിസഭായോഗം അംഗീകാരം നൽകി.

# പൊതുതിരഞ്ഞെടുപ്പ്: പ്രചാരണം പരിശോധിക്കാൻ ആന്റി ഡിഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കും

**തിരുവനന്തപുരം:** പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും നടത്തുന്ന തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ നിയമപരമാണോയെന്ന് പരിശോധിച്ച് വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആന്റി ഡിഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്ക് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുത്തരവായി.

ജില്ലാ തലത്തിൽ വരണാധികാരിയുടെ ചുമതലയില്ലാത്ത അസിസ്റ്റന്റ് കളക്ടർ/ സബ് കളക്ടർ/ ഡെപ്യൂട്ടി കളക്ടറിന്റെ നേതൃത്വത്തിൽ ഒരു സ്ക്വാഡും താലൂക്ക് തലത്തിൽ തഹസിൽദാർ/ ഗസറ്റഡ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു സ്ക്വാഡും രൂപീകരിക്കാനാണ് നിർദ്ദേശം.

നോട്ടീസുകൾ, ബാനറുകൾ, ബോർഡുകൾ, പോസ്റ്ററുകൾ, ചുവരെഴുത്തുകൾ, മൈക്ക് അനൗൺസ്മെന്റ്, പൊതുയോഗങ്ങൾ, മീറ്റിംഗുകൾ, മറ്റ് സാമൂഹ്യ മാധ്യമങ്ങൾ മുഖേനയുള്ള പ്രചാരണ പരിപാടികൾ എന്നിവയുടെ നിയമസാധുത സ്ക്വാഡ് പരിശോധിക്കും.

നോട്ടീസും ലഘുലേഖയും പ്രസിദ്ധീകരിക്കുന്നതും കമാനങ്ങൾ സ്ഥാപിക്കുന്നതും സംബന്ധിച്ച് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കും.

പ്ലാസ്റ്റിക്, ഫ്ലക്സ് മുതലായവയുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയ കമ്മീഷന്റെ ഉത്തരവ്പ്രകാരം തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ ഹരിതചട്ടം പാലിക്കുന്നുണ്ടോയെന്നും സ്ക്വാഡ് പരിശോധിക്കുകയും ലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യും.

നിയമപരമല്ലാത്ത പ്രചാരണപരിപാടികൾ ഉടൻ നിർത്തി വയ്പ്പിക്കും. അനധികൃതമായോ നിയമപരമല്ലാതയോ സ്ഥാപിച്ചിട്ടുള്ള നോട്ടീസുകൾ, ബാനറുകൾ, ചുവരെഴുത്തുകൾ, പോസ്റ്ററുകൾ, ബോർഡുകൾ എന്നിവ നീക്കം ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകും. ഇപ്രകാരമുള്ള നിർദ്ദേശം പാലിക്കുന്നില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും അതിന്റെ ചെലവ് ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും

അനധികൃതമായതും അനുവദനീയ രീതിയിലല്ലാത്തതുമായ മൈക്ക് അനൗൺസ്മെന്റുകൾ നിർത്തിവയ്പ്പിക്കുന്നതാണ്.

അനുമതിയില്ലാതെയും പൊതുവഴി കൈയ്യേറിയും കാൽനടയാത്രക്കാർക്കും. വാഹനങ്ങൾ കടന്നുപോകുന്നതിനും തടസ്സമുണ്ടാകുന്ന രീതിയിലും സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ, കമാനങ്ങൾ, ബാനറുകൾ എന്നിവ എടുത്തുമാറ്റുന്നതിന് അത് സ്ഥാപിച്ചവരോട് ആവശ്യപ്പെടും. എടുത്തുമാറ്റുന്നില്ലെങ്കിൽ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് അവ എടുത്തുമാറ്റി നിയമപരമായ തുടർനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകും.

നിയമപരമല്ലാത്ത പ്രചാരണപരിപാടികളും, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ കമാനങ്ങൾ, പോസ്റ്ററുകൾ എന്നിവ സ്ഥാപിച്ചവയ്ക്കെതിരെ പൊതുജനം അറിയിക്കുന്ന പരാതികളും സ്ക്വാഡ് പ്രത്യേകമായി പരിശോധിച്ചു നടപടി സ്വീകരിക്കും.

# ശബരിമല തീർഥാടനപാത: 82 റോഡുകളുടെ നവീകരണത്തിന് 388.6 കോടിയുടെ ഭരണാനുമതി

**പത്തനംതിട്ട:** ശബരിമല തീർഥാടനം തുടങ്ങാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ ശബരിമലയിലെ തീർഥാടനപാതയിലെ 82 പ്രധാന റോഡുകളുടെ നവീകരണത്തിന് സർക്കാരിന്റെ ഭരണാനുമതി. 388.6 കോടിയുടെ രൂപയാണ് അപേക്ഷിച്ചതെങ്കിലും 377.8 കോടിയാണ് അനുവദിച്ചിരിക്കുന്നത്. മണ്ഡല മകരവിളക്ക് തീർഥാടനത്തിനായി ശബരിമല ക്ഷേത്രത്തിൽ 16 നാണ് നട തുറക്കുന്നതെന്നിരിക്കെ 6നാണ് നവീകരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത്.

സംസ്ഥാനത്തെ 82 റോഡുകളുടെ നവീകരണത്തിനാണു ഭരണാനുമതി ലഭിചത്. എസ്റ്റിമേറ്റ് തയാറാക്കൽ തുടർന്നുള്ള ടെൻഡർ നടപടികൾ തുടങ്ങിയ നടപടികൾ പൂർത്തിയാക്കാനായി ഇനിയും കാലതാമസം നേരിടും. ഉന്നത നിലവാരമായ ബിഎംബിസി റോഡ് ടാറിങ്, മറ്റ് പൊതുവായ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കാണു ഭരണാനുമതി ലഭിച്ചത്. കഴിഞ്ഞ മണ്ഡലകാലം ആരംഭിക്കുന്നതിനു തൊട്ട് മുൻപും ഇത്തരത്തിലുള്ള റോഡിലെ അറ്റകുറ്റപ്പണികൾ ഗതാഗതക്കുരുക്കിന് കാരണമായിരുന്നു.

# ശബരിമലയിലെ സ്വർണ്ണക്കൊള്ള : ദേവസ്വം മന്ത്രിയെ മാറ്റി നിർത്തി അന്വേഷിക്കണം: വി.എച്ച്.പി

**കൊച്ചി:** ശബരിമലയിൽ നടന്ന സ്വർണ്ണക്കൊള്ളയ്ക്ക് പിന്നിൽ ഉന്നതതല ഗൂഢാലോചനയുണ്ടെന്നും ദേവസ്വം വകുപ്പ് മന്ത്രിയെ മാറ്റി നിറുത്തി അന്വേഷണം കേന്ദ്ര ഏജൻസി ഏറ്റെടുക്കണമെന്നും വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി വാർത്താക്കുറിപ്പിൽ ആവശ്യപ്പെട്ടു. മുൻ ദേവസ്വം വകുപ്പ് മന്ത്രി കടകംപിള്ളി സുരേന്ദ്രന്റെയും ഇപ്പോഴത്തെ മന്ത്രി വി.എൻ വാസവന്റെയും ഉറ്റചങ്ങാതിയും തോഴനുമാണ് ഉണ്ണികൃഷ്ണൻ പോറ്റി. സ്വർണ്ണക്കൊള്ള ദേവസ്വം ബോർഡ് മുൻ കമ്മീഷണർ എൻ. വാസുവിന്റെ മാത്രം ആസൂത്രണമല്ല. പിന്നിൽ പല ഉന്നത രാഷ്ട്രീയനേതാക്കളുടെയും ഗൂഡാലോചനയുണ്ടെന്നും വിജി തമ്പി പറഞ്ഞു.

പിണറായി വിജയന്റെ പ്രത്യേക താൽപര്യ പ്രകാരമാണ് വാസു ദേവസ്വം ബോർഡ് കമ്മീഷണറായി സ്ഥാനമേറ്റത്. സാധാരണ സിവിൽ സർവീസിൽ നിന്നാണ് ദേവസ്വം ബോർഡിലേക്ക് കമ്മീഷണറെ തിരഞ്ഞെടുക്കുന്നത്. അതിൽ നിന്നും വ്യത്യസ്തമായി സി.പി.എംന്റെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന വാസു രണ്ടുതവണ ദേവസ്വം കമ്മീഷണറും ഒരു തവണ ദേവസ്വം പ്രസിഡന്റുമായിരുന്നു. സുപ്രീം കോടതിയിൽ യുവതികളെ പ്രവേശിപ്പിക്കണമെന്ന ആവശ്യം മുന്നോട്ടുവച്ചതിനു പിന്നിൽ കടുത്ത നാസ്തികനായ എൻ.വാസുവായിരുന്നുവെന്നും വിജി തമ്പി പറഞ്ഞു. ഇപ്പോൾ വാസുവിനെ അറസ്റ്റ് ചെയ്തിരിക്കുന്നതിന് പിന്നിൽ സിപിഎമ്മിന്റെ രാഷ്ട്രീയ തന്ത്രമാണ്.

വാസുവിന്റെ അറസ്റ്റ് തന്നെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന പിണറായി വിജയന്റെ അനുവാദമില്ലാതെ സാധ്യമല്ലെന്നും വാസുവിനെ ബലിയാടാക്കി അന്വേഷണം ഉന്നതരിലേയ്ക്ക് എത്താതിരിക്കാനുള്ള സിപിഎംന്റെ തന്ത്രമാണിതെന്നും വിജി തമ്പി പറഞ്ഞു. മുൻ ചീഫ് സെക്രട്ടറി കെ.ജയകുമാറിനെ ദേവസ്വം ബോർഡ് പ്രസിഡന്റായി നിയമിച്ചത് തന്നെ ആസന്നമായ തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിൽ ഹിന്ദുവിശ്വാസികളുടെ വോട്ട് നേടുകയെന്ന സിപിഎമ്മിന്റെ ഗൂഢലക്ഷ്യത്തിനാണ്. മതപരമായ സ്ഥാപനങ്ങളിൽ നിരീശ്വരവാദികളായ രാഷ്ട്രീയ നേതാക്കളുടെ ഭരണം വിശ്വാസികളുടെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്നതാണെന്നും വിജി തമ്പി പറഞ്ഞു.

# ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് : കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാനസർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റൂട്രോണിക്സ് സർട്ടിഫിക്കറ്റോടുകൂടി ഒരു വർഷം, ആറ് മാസം, മൂന്ന് മാസം ദൈർഘ്യമുള്ള ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം, ആറ്റിങ്ങൽ അംഗീകൃത പഠന കേന്ദ്രങ്ങളിലേക്ക് ഇന്റേൺഷിപ്പോടുകൂടി റെഗുലർ, പാർട്ടൈം ബാച്ചുകളിലേക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി പാസായവർക്ക് അപേക്ഷിക്കാം. ഫോൺ: 7994926081.

# സംസ്ഥാന തല മാത്തമാറ്റിക്സ് ഫെയർ: മികച്ച പ്രകടനവുമായി സാന്ദ്രാ വിനോജ്



**കൊച്ചി :** പാലക്കാട് നടന്ന 2025-26 വർഷത്തെ സംസ്ഥാനതല മാത്തമാറ്റിക്സ് ഫെയറിൽ (കൺസ്ട്രക്ഷൻ യൂസിങ് ജിയോജിബ്ര സോഫ്റ്റ്വെയർ) എറണാകുളം ജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുത്ത ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂൾ 12 ാം ക്ലാസ്സ് വിദ്യാർത്ഥിനി സാന്ദ്ര വിനോജ് നാലാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കി. മൂവാറ്റുപുഴ രണ്ടാർ കാഞ്ഞിരക്കൊമ്പിൽ വിനോജ് മാനുവലിന്റേയും സോമിയുടേയും മകളാണ്. സഹോദരൻ : സാവിയോ

# ലേബർ ലൈസൻസ് പുതുക്കൽ ക്യാമ്പ് സംഘടിപ്പിച്ചു



കെ.വി.വി.ഇ.എസ് എളമക്കര യൂണിറ്റിൽ സംഘടിപ്പിച്ച ലേബർ ലൈസൻസ് പുതുക്കൽ ക്യാമ്പ് യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റ് ഉദ്ഘാടനം ചെയ്യുന്നു. നെൽസൺ കൊറയ, എസ്. മനോജ് കുമാർ,തോമസ് പള്ളിപറമ്പിൽ, പി.എ. സഫറുള്ള, ടി.പി.പുരുഷോത്തമൻ, കെ.കെ.സുകു തുടങ്ങിയവർ സമീപം.

**കൊച്ചി :** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റ് അംഗങ്ങൾക്കായി ലേബർ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ലേബർ ലൈസൻസ് പുതുക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. എളമക്കര വ്യാപാര ഭവനിൽ നടന്ന ക്യാമ്പ് യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി എസ്. മനോജ് കുമാർ, ട്രഷറർ പി.എ. സഫറുള്ള, കമ്മിറ്റി അംഗങ്ങളായ പി.വി.മോഹൻദാസ് നെൽസൺ കൊറയ, മനോജ് മാനുവൽ, തോമസ് പള്ളിപറമ്പിൽ, ടി.പി.പുരുഷോത്തമൻ, കെ.കെ.സുകു, ലേബർ ഓഫീസിലെ സീനിയർ ക്ലർക്ക് ജിൻസ് തോമസ് തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.

# ആസ്റ്റർ മെഡ്സിറ്റിയിൽ ശിശുദിനാഘോഷം



ആസ്റ്റർ മെഡ്സിറ്റിയിലെ ശിശുരോഗ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശിശുദിനാഘോഷം നടൻ ഷറഫുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ.ജോർജ് പോൾ, ഡോ. ജീസൺ സി. ഉണ്ണി, ഡോ.നളന്ദ ജയദേവ് , അനൂപ് പയസ്, സനീഷ്, അഞ്ജു എന്നിവർ സമീപം.

**കൊച്ചി :** ആസ്റ്റർ മെഡ്സിറ്റിയിലെ ശിശുരോഗ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ശിശുദിനാഘോഷം സംഘടിപ്പിച്ചു. ആശുപത്രി അങ്കണത്തിൽ സംഘടിപ്പിച്ച ആഘോഷം നടനും നിർമ്മാതാവുമായ ഷറഫുദ്ദീൻ ഉദ്ഘാടനം ചെയ്തു. ഈ മാസം 15 വരെ വിവിധ ആഘോഷങ്ങൾ നീണ്ടുനിൽക്കുമെന്ന് പീഡിയാട്രിക്സ് ആൻഡ് നിയോനാറ്റോളജി വിഭാഗം മേധാവി ഡോ. ജീസൺ സി.ഉണ്ണി പറഞ്ഞു. ചടങ്ങിൽ സിഇഒ ഡോ.നളന്ദ ജയദേവ് , ഡോ.ദിലീപ് പണിക്കർ, ഡോ. സെബാസ്റ്റ്യൻ പോൾ, ഡോ.ടി.എം. സജന തുടങ്ങിയവർ പങ്കെടുത്തു.

# പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** ലോകായുക്ത തയ്യാറാക്കിയ പുസ്തകം കേരള ലോകായുക്ത ആക്ട് ആൻഡ് റൂൾസ് മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. പിന്നാക്ക വിഭാഗ കമ്മീഷൻ ചെയർമാനും മുൻ ഉപ ലോകായുക്തയുമായ ജസ്റ്റിസ് ജി. ശശിധരൻ പുസ്തകം ഏറ്റുവാങ്ങി.

# വീട്ടിൽ എളുപ്പത്തിൽ വളർത്താവുന്ന ദീർഘകാല പച്ചക്കറികൾ



**പോ**ഷകത്തോട്ടത്തിൽ നട്ടു വളർത്താവുന്ന ദീർഘകാല പച്ചക്കറികളിൽ പ്രധാനിയാണ് കോവൽ. കറിവയ്ക്കാൻ മാത്രമല്ല, സാലഡിനും കോവയ്ക്ക നന്ന്. എല്ലാ മണ്ണിലും വളരുമെങ്കിലും നീർവാർച്ചയുള്ള, മണൽ കലർന്ന മണ്ണാണു യോജ്യം. നല്ല സൂര്യപ്രകാശം അത്യാവശ്യം. കേരള കാർഷിക സർവകലാശാല പുറത്തിറക്കിയ അത്യുൽപാദനശേഷിയുള്ള ഇനമാണ് സുലഭ. ഇളംപച്ചനിറവും പുറത്തു വെള്ള വരകളുമുള്ള കായ്കൾക്കു വലുപ്പമേറും. ആണും പെണ്ണുമുള്ളതിനാൽ നന്നായി കായ്ക്കുന്ന കോവലിന്റെ തണ്ടു മുറിച്ചുനടാൻ പ്രത്യേകം ശ്രദ്ധിക്കണം. ഒരടി നീളവും 4,5 മുട്ടുകളുമുള്ള തണ്ടുകൾ നടാം. ഓരോ കുഴിയിലും 3,4 തണ്ടു നടണം. 2 മീറ്റർ ഉയരത്തിൽ പന്തലിട്ട് വള്ളികൾ പടർത്താം. പൊടിഞ്ഞ കാലിവളവും കാൽ കിലോ രാജ്ഫോസും മേൽമണ്ണും കുഴികളിൽ ഇളക്കിച്ചേർത്തു വേണം നടേണ്ടത്. കൂടുതൽ ശിഖരങ്ങൾ ഉണ്ടാകാനായി അഗ്രമുകുളങ്ങൾ ചെറുതായി പ്രൂൺ ചെയ്യണം. നട്ട് ഒരു മാസം കഴിഞ്ഞ് 750 ഗ്രാം യൂറിയയും 50 ഗ്രാം പൊട്ടാഷും നൽകാം. രണ്ടാഴ്ചയിലൊരിക്കൽ പൊടിഞ്ഞ ജൈവവളം മാറി മാറി പ്രയോഗിക്കാം. തൈകൾ നട്ട കുഴികളിൽ കള വളർച്ച അനുവദിക്കരുത്. വേനൽക്കാലത്തു നന നിർബന്ധം. കായീച്ചയാക്രമണം ഒഴിവാക്കാൻ ഫെറമോൺകെണി പന്തലിൽ തൂക്കാം.

### വള്ളിച്ചീര

പേരു പോലെതന്നെ വള്ളിച്ചെടിയായി വളരുന്നു. നിറയെ ശാഖകളോടുകൂടി പന്തലിൽ നിറഞ്ഞു പടരും. ധാരാളം ജൈവാംശമുള്ള എക്കൽമണ്ണിൽ നന്നായി വളരും. തണ്ട് മുറിച്ചു നടുന്നതാണു രീതി. ഒന്നരയടി വലുപ്പത്തിൽ കുഴിയെടുത്ത് 5 കിലോ ഉണങ്ങിപ്പൊടിഞ്ഞ കാലിവളവും മേൽമണ്ണും നിറച്ച ശേഷം തണ്ട് മുറിച്ചു നടാം. പന്തലിൽ പടർത്തി വളർത്തുകയാണെങ്കിൽ നട്ട് 6 ആഴ്ചയ്ക്കുള്ളിൽ വിളവെടുക്കാം. ഇലയും മൂക്കാത്ത ഇളം തണ്ടുമാണ് രുചികരം. ഉൽപാദനം കൂട്ടുന്നതിനായി രണ്ടാഴ്ചയിലൊരിക്കൽ പൊടിഞ്ഞ ജൈവവളം നൽകാം.





പ്രോട്ടീൻ, നാരുകൾ, കാത്സ്യം, ഇരുമ്പ്, ബീറ്റാകരോട്ടിൻ,ര വെറ്റമിൻ സി എന്നിവയുടെ മികച്ച സ്രോതസ്സാണ് വള്ളിച്ചീര. മുറ്റത്തൊരു വള്ളിച്ചീരപ്പന്തലുണ്ടെങ്കിൽ വീടിനകത്ത് നല്ല തണുപ്പും ഉറപ്പാക്കാം.

### മധുരച്ചീര

അടുക്കളത്തോട്ടത്തിന്റെ അതിരുകളിൽ അടുപ്പിച്ചു നടാവുന്ന ഇലക്കറിയിനം. മറ്റു ചീരകളുമായി താരതമ്യം ചെയ്യുമ്പോൾ മധുരച്ചീരയ്ക്കു പോഷകഗുണം കൂടും. എല്ലാത്തരം മണ്ണിലും വളർത്താം. നനവും തണലുമുള്ള പ്രദേശങ്ങളിൽ നന്നായി വളരും. ഒരടി നീളത്തിൽ ഇളതണ്ടുകൾ മുറിച്ചു നട്ടാണ് കൃഷി ചെയ്യുന്നത്. ഒരടി വീതിയിൽ ചാലുകീറി അതിൽ മേൽമണ്ണും പൊടിഞ്ഞ കംപോസ്റ്റും ചേർത്തിളക്കുക. ചാലിൽ ഒരടി അകലത്തിൽ കമ്പുകൾ നടാം. നടും മുൻപ് കമ്പിലെ ഇലകൾ നീക്കണം. ആഴ്ചയിലൊരിക്കൽ നന നിർബന്ധം. നട്ട് രണ്ടാം മാസത്തിൽ ഇല മുറിച്ചെടുക്കാം.

# കേരളത്തിലും ചെയ്യാം മെഡൂസ

**കേരളത്തിൽ നിലവിൽ ഇത് വ്യാപകമായി കൃഷി ചെയ്യുന്നില്ല. അലങ്കാര ഇനങ്ങളിൽ ഉൾപ്പെടുത്തി മാത്രമായാണ് ഇവ പലരും കൃഷി ചെയ്യുന്നത്.**

ഒരേസമയം അലങ്കാര സസ്യങ്ങളായും പഴത്തിനായും കൃഷി ചെയ്യാവുന്ന ഒന്നാണ് മെഡൂസ പൈനാപ്പിൾ. ഒരു ചെടിയിൽതന്നെ നൂറോളം പഴങ്ങൾ ലഭിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. തായ്‌ലൻഡിൽ നിന്നുള്ള ഈ ഇനം സാധാരണ നമ്മുടെ നാടുകളിൽ കാണാറില്ല. ഇടത്തരം മധുരമുള്ളതും സാധാരണ പൈനാപ്പിളിനോട് സാമ്യമുള്ള രുചിയുള്ളതുമാണ് ഇവ. കേരളത്തിൽ നിലവിൽ ഇത് വ്യാപകമായി കൃഷി ചെയ്യുന്നില്ല. അലങ്കാര ഇനങ്ങളിൽ ഉൾപ്പെടുത്തി മാത്രമായാണ് ഇവ പലരും കൃഷി ചെയ്യുന്നത്.

കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമാണ്. 16 ഇഞ്ച് വലുപ്പമുള്ള ചട്ടികൾ മുതൽ അതിനുമുകളിലേക്ക് വലുപ്പമുള്ളതിൽ ടെറസിലോ അല്ലാതെയോ കൃഷി ചെയ്യാം. ശരാശരി ഒരു വർഷമാണ് ഇതിന്റെ തൈകളിൽ നിന്ന് വിളവ് ലഭിക്കാനെടുക്കുന്ന സമയം. ബ്രോമെലിയാഡ് കുടുംബത്തിൽപ്പെട്ട ഭക്ഷ്യയോഗ്യമായ പൈനാപ്പിൾ ഇനമാണ് മെഡൂസ പൈനാപ്പിൾ. ചെടിയിലെ പ്രധാന പഴത്തിൽ പറ്റിപ്പിടിച്ചിരിക്കുന്ന നൂറുകണക്കിന് ചെറിയ പൈനാപ്പിളുകളാണ് ഇതിനെ കൂടുതൽ ആകർഷകമാക്കുന്നത്.

ശരിക്കും മെഡൂസ പൈനാപ്പിൾ തെക്കേ അമേരിക്കയിൽ നിന്നുള്ളതാണെന്നും പറയപ്പെടുന്നു. 16ാം നൂറ്റാണ്ട് മുതൽ യൂറോപ്യൻ പര്യവേക്ഷകരാണ് മെഡൂസ പൈനാപ്പിൾ ലോകമെമ്പാടും വ്യാപിപ്പിച്ചത്. പോർച്ചുഗീസുകാരും സ്പാനിഷുകാരും ഇത് ആഫ്രിക്ക, ഏഷ്യ, പസിഫിക് എന്നിവിടങ്ങളിലേക്ക് കൊണ്ടുവന്നു. അങ്ങനെ ഇന്ത്യയിലും എത്തി. മെഡൂസ പൈനാപ്പിളുകൾ ഒരു തണ്ടിലോ അടുത്ത അകലത്തിലുള്ള കിരീടങ്ങളിലോ ചെറിയ പൈനാപ്പിളുകളുടെ ഒരു കൂട്ടം ഉൽപാദിപ്പിക്കുന്ന ഒതുക്കമുള്ള ബ്രോമെലിയാഡുകൾ (പൈനാപ്പിൾ ഫാമിലി) ആണ്. കർഷകരിൽ നിന്നുള്ള റിപ്പോർട്ടുകളും നഴ്സറി വിവരണങ്ങളും പ്രകാരം ചെറിയ പഴങ്ങൾക്കും മധുരവും ചെറിയ സുഗന്ധവും ഉണ്ട്. ഈ പൈനാപ്പിൾ ഇനം ചൂടുള്ളതും മഞ്ഞില്ലാത്തതുമായ കാലാവസ്ഥയിൽ വളരുന്നു. ഉഷ്ണമേഖലാ പ്രദേശങ്ങളിൽ ഇവ കാര്യമായി വളരുന്നത്. അതേസമയം തണുത്ത പ്രദേശങ്ങളിൽ ശൈത്യകാലത്ത് നന്നായി സൂര്യപ്രകാശം ലഭിക്കുന്ന ഇൻഡോർ ഇടങ്ങളിലേക്ക് മാറ്റേണ്ടിവരും. മികച്ച സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലങ്ങളിൽ കൂടുതൽ കായ്ഫലം ലഭിക്കും. പല ഓൺലൈൻ നഴ്സറികളും ഗാർഡൻ ഷോപ്പുകളും ഇൻഡോർ/ഔട്ട്ഡോർ അലങ്കാര ഉപയോഗത്തിനുള്ള ഒരു വിദേശ മാതൃകാ സസ്യമായാണ് മെഡൂസയെ കാണുന്നത്.



# നെല്ല് സംഭരണത്തിന് 5 മില്ലുകൾ കൂടി

**എടത്വ:** നെല്ല് സംഭരണത്തിലെ പ്രതിസന്ധിക്ക് അയവു വന്നു. സംഭരണത്തിന് 5 മില്ലുകൾ ആയതോടെ കൂടുതൽ പാടശേഖരങ്ങളിൽ നിന്നും നെല്ല് സംഭരിച്ചു തുടങ്ങി. അമ്പലപ്പുഴ നോർത്ത്, സൗത്ത്, പുറക്കാട് എന്നിവിടങ്ങളിൽ കൊയ്തു കൂട്ടിയ നെല്ല് ഇന്നുമുതൽ സംഭരിക്കുകയും ചെയ്യും. അതേസമയം മില്ല് ഓണേഴ്സ് അസോസിയേഷൻ സംഭരണത്തിൽ നിന്ന് ഇപ്പോഴും വിട്ടു നിൽക്കുകയാണ്. ഇതിനോടകം 18.04 ഏക്കറിലെ വിളവെടുപ്പു കഴിഞ്ഞു. 4502.7 ടൺ നെല്ല് സംഭരിക്കുന്നതിനായി അലോട്ട് ചെയ്തതിൽ 3327 ടൺ നെല്ല് സംഭരിച്ചു. 24 പാടശേഖരങ്ങളിൽ നിന്നാണ് ഇത്രയും നെല്ല് സംഭരിച്ചത്. കരുവാറ്റ, നെടുമുടി, പുന്നപ്ര സൗത്ത്, നോർത്ത്, പുറക്കാട്, ചമ്പക്കുളം എന്നിവിടങ്ങളിൽ നിന്നാണ് ഇത്രയും നെല്ല് സംഭരിച്ചത്.

സംഭരിച്ച നെല്ലിന്റെ വില എന്നു ലഭിക്കും എന്ന കാര്യത്തിൽ കർഷകരുടെ ആശങ്കയ്ക്ക് ഇനിയും പരിഹാരമായിട്ടില്ല. കർഷകർക്കു വില കൊടുത്തു തുടങ്ങി എന്ന മട്ടിൽ മന്ത്രി വായ്പ കൊടുക്കുന്നതിന്റെ ഉദ്ഘാടനം നടത്തിയെങ്കിലും ഒന്നര മാസം മുൻപ് പിആർഎസ് ലഭിച്ച കർഷകർ പോലും ബാങ്കുകളിൽ കയറി ഇറങ്ങുകയാണ്. ഇതു സംബന്ധിച്ച് ഒരറിയിപ്പും ലഭിച്ചിട്ടില്ലെന്നാണു ബാങ്ക് അധികൃതർ പറയുന്നത്. ഇക്കുറി 9700 ഹെക്ടറിലേറെ പാടത്ത് കൃഷി ചെയ്തെങ്കിലും ആരംഭത്തിൽ ഉണ്ടായ പ്രകൃതി ദുരന്തത്തിൽ ഒട്ടേറെ പാടശേഖരങ്ങളിൽ മട വീണും, വെള്ളം കയറിയും കൃഷി നശിച്ചതിനാൽ വിളവെടുപ്പിനു ബാക്കിയായത് 7782 ഹെക്ടറിലെ കൃഷി മാത്രമാണ്.

ഇതിനിടെ പുഞ്ചക്കൃഷി (രണ്ടാം വിള) ആരംഭിച്ചു കഴിഞ്ഞു. 30000 ഹെക്ടറിൽ കൃഷി നടക്കുമെന്നാണു കൃഷി വകുപ്പ് പ്രതീക്ഷിക്കുന്നത്. കൃഷിയുടെ ആരംഭത്തിൽ തന്നെ, വിത്ത് ലഭിക്കുന്നതിന് ഉണ്ടായിട്ടുള്ള തടസ്സം, വിത കൂലി കൂടുതൽ വാങ്ങുന്നതിന്റെ പ്രശ്നം എന്നിവയെല്ലാം കർഷകരെ പ്രതിസന്ധിയിലാക്കുകയാണ്. കൃഷി ആരംഭിച്ച സാഹചര്യത്തിൽ കൊയ്ത്, സംഭരണം എന്നിവയുടെ കാര്യത്തിൽ വേണ്ട മുൻകരുതൽ എടുത്താൽ കാലങ്ങളായി കൊയ്ത്തു വേളയിൽ ഉണ്ടാകുന്ന പ്രതിസന്ധികൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ഇക്കാര്യത്തിൽ നേരത്തെ തന്നെ കലക്ടറുടെ ഇടപെടൽ ഉണ്ടാകണമെന്നു കർഷകർ ആവശ്യപ്പെടുന്നു.

## പോസ്റ്റ് ഓഫീസ് ആർ.ഡി: നിക്ഷേപകർ സുരക്ഷിതത്വം ഉറപ്പാക്കണം

**ആലപ്പുഴ:** പോസ്റ്റ് ഓഫീസ് ആർ.ഡി. നിക്ഷേപകർ തങ്ങളുടെ ഇടപാടുകളിൽ സുരക്ഷിതത്വം ഉറപ്പാക്കി ലഘുസമ്പാദ്യ പദ്ധതിയിൽ നിക്ഷേപങ്ങൾ നടത്തണമെന്ന് ദേശീയ സമ്പാദ്യ പദ്ധതി തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

അംഗീകൃത ഏജന്റുമാർ വഴിയോ നേരിട്ടോ പോസ്റ്റ് ഓഫീസ് നിക്ഷേപം നടത്താം. ഏജന്റിന്റെ കൈവശം തുക ഏൽപ്പിക്കുമ്പോൾ ഇൻവെസ്റ്റേഴ്സ് കാർഡിൽ അത് രേഖപ്പെടുത്തി ഒപ്പ് വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പാക്കണം. പോസ്റ്റ് മാസ്റ്റർ ഒപ്പിട്ട് സീൽ വെച്ച് നൽകുന്ന പാസ്ബുക്ക് മാത്രമാണ് ഇടപാടുമായി ബന്ധപ്പെട്ട ആധികാരിക രേഖ. എല്ലാ മാസവും തുക അടയ്ക്കുന്നതിന് മുൻപ്, പാസ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തലുകൾ വന്നിട്ടുണ്ടോയെന്ന് നിക്ഷേപകർ പരിശോധിക്കണമെന്നും ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## മണ്ഡലകാലം; ഖാദി തുണിത്തരങ്ങൾക്ക് 30% റിബേറ്റ്

**തൃശൂർ:** മണ്ഡലകാലത്തോടനുബന്ധിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഖാദി തുണിത്തരങ്ങൾക്ക് പ്രത്യേക റിബേറ്റ് അനുവദിച്ചു. നവംബർ 14 മുതൽ 19 വരെയുള്ള തിയതികളിൽ (നവംബർ 16 ഒഴികെ) ഖാദി തുണിത്തരങ്ങൾക്ക് ചില്ലറ വിൽപനയ്ക്ക് 10 ശതമാനം സ്പെഷ്യൽ റിബേറ്റ് ഉൾപ്പെടെ മൊത്തം 30 ശതമാനം റിബേറ്റ് ലഭിക്കും.

ഖാദി കോട്ടൺ, സിൽക്ക്, സ്പൺ സിൽക് എന്നീ തുണിത്തരങ്ങളുടെ വിൽപനയ്ക്കാണ് റിബേറ്റ് ലഭിക്കുക. വടക്കേ ബസ് സ്റ്റാൻഡിന് സമീപമുള്ള വടക്കുംനാഥൻ ഷോപ്പിംഗ് കോംപ്ലക്സ്, പാലസ് റോഡ്, ഒളരിക്കര എന്നിവിടങ്ങളിലെ ഖാദി ഗ്രാമ സൗഭാഗ്യകളിലും പാവറട്ടി, കേച്ചേരി, പൂവത്തൂർ എന്നിവിടങ്ങളിലെ ഖാദി സൗഭാഗ്യകളിലും വിവിധ ഗ്രാമശിൽപകളിലും ആനുകൂല്യം ലഭ്യമാണ്.

കൂടാതെ, ഈ കേന്ദ്രങ്ങളിൽ ഗ്രാമവ്യവസായ യൂണിറ്റുകളിൽ ഉത്പാദിപ്പിക്കുന്ന കോട്ടൺ കിടക്കകൾ, തേൻ, എള്ളെണ്ണ, സോപ്പ് ഉത്പന്നങ്ങൾ, കരകൗശലവസ്തുക്കൾ തുടങ്ങിയ ഗ്രാമവ്യവസായ ഉത്പന്നങ്ങളും ലഭ്യമാണ്.

സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യം ബോർഡ് ഒരുക്കിയിട്ടുണ്ട്. ഫോൺ 0487 2338699, 9995772858.



# കാലാവസ്ഥ അനുകൂലം; കുട്ടനാടൻ വൈക്കോലിന് ഡിമാൻഡ് കൂടി

**മങ്കൊമ്പ്:** കാലാവസ്ഥ അനുകൂലമായതോടെ കുട്ടനാടൻ വൈക്കോലിനു ഡിമാൻഡ് ഏറി. ഇതര സംസ്ഥാനത്തു നിന്നു പോലും ആളുകൾ എത്തി കുട്ടനാട്ടിൽ നിന്നു വൈക്കോൽ ശേഖരിക്കുന്നുണ്ട്. സാധാരണയായി കുട്ടനാട്ടിലെ വിളവെടുപ്പു സമയത്തു പലപ്പോഴും മഴ ആയതിനാൽ വൈക്കോൽ പാടശേഖരത്തിൽ കിടന്നു നശിക്കുകയാണു പതിവ്. അടുത്ത കൃഷി ഇറക്കാൻ വൈക്കോൽ തീയിട്ടു നശിപ്പിക്കുന്നതായിരുന്നു പതിവ്.

വിളവെടുപ്പു കഴിഞ്ഞ പാടശേഖരത്തിൽ വൈക്കോലിനു തീയിടുന്നതു മൂലമുണ്ടാകുന്ന പുക പരിസരവാസികളെ ദുരിതത്തിലാക്കുന്നതു പതിവായിരുന്നു. എന്നാൽ ഇത്തവണ രണ്ടാം കൃഷി ഇറക്കിയ പാടശേഖരങ്ങളിൽ വിളവെടുക്കുന്ന പാടശേഖരത്തിൽ നിന്നു വൈക്കോൽ ശേഖരിക്കാൻ പലരും മത്സരിക്കുന്ന കാഴ്ചയാണു കാണാൻ സാധിക്കുന്നത്. തമിഴ്നാട്ടിലേക്കും തെക്കൻ ജില്ലകളിലേക്കുമാണു വൈക്കോൽ ഇപ്പോൾ കൂടുതലായി കയറി പോകുന്നത്.

തമിഴ്നാട്ടിൽ നിന്നുള്ളവർ വൈക്കോൽ തിരിയാക്കിയും മറ്റുള്ളവർ റോൾ ആക്കിയുമാണു ശേഖരിക്കുന്നത്. തമിഴ്നാട്ടിൽ നിന്നുള്ള ഒട്ടനവധി തൊഴിലാളികളാണു കുട്ടനാട്ടിലെ വിവിധ പാടശേഖരങ്ങൾ എത്തിയിട്ടുള്ളത്. ഇവർ സ്ത്രീ തൊഴിലാളികളുടെ സഹായത്തോടെ പാടശേഖരത്തിലുള്ള വൈക്കോൽ ചെറു കൂനകളാക്കും. പുരുഷ തൊഴിലാളികളെത്തി കമ്പ് ഉപയോഗിച്ചു വൈക്കോൽ തിരികളാക്കിയാണു വാഹനങ്ങളിൽ കയറ്റി കൊണ്ടു പോകുന്നത്. കൊല്ലം, തിരുവനന്തപുരം ജില്ലകളിലേക്കും തിരിയാക്കിയാണ് വൈക്കോൽ കൊണ്ടു പോകുന്നത്.

ട്രാക്ടർ ഉപയോഗിച്ചു വൈക്കോൽ റോളുകളാക്കിയാണു ചിലർ വൈക്കോൽ ശേഖരിക്കുന്നത്. ഒരു കെട്ട് വൈക്കോൽ പാടശേഖരത്തിൽ നിന്നു ശേഖരിച്ചു റോളാക്കി നൽകുന്നതിനു 45 മുതൽ 50 രൂപ വരെയാണു ട്രാക്ടർ ഉടമകൾ വാങ്ങുന്നത്. കെട്ടിന്റെ വലിപ്പം അനുസരിച്ച് ഒരേക്കറിൽ നിന്നു 100 മുതൽ 150 കെട്ടുവരെ വൈക്കോൽ ലഭിക്കുന്നുണ്ട്. പല കർഷകരും വൈക്കോൽ സൗജന്യമായാണു വിട്ടുകൊടുക്കുന്നത്. വാഹനം നേരിട്ട് എത്തിച്ചേരാൻ സൗകര്യമുള്ള ചില ഭാഗങ്ങളിൽ ഒരേക്കറിലെ വൈക്കോലിന് 500 രൂപ വരെ കർഷകനു നൽകിയും ശേഖരിക്കുന്നുണ്ട്.




# വിമാനത്താവള മാതൃകയിൽ തൃശൂർ റെയിൽവേ സ്റ്റേഷൻ: കരാറായി; ചെലവ് 344.89 കോടി

**തൃശൂർ:** വിമാനത്താവള മാതൃകയിൽ തൃശൂർ റെയിൽവേ സ്റ്റേഷൻ പുതുക്കി നിർമിക്കാൻ കരാറൊപ്പിട്ടു. ഈറോഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന വെങ്കടാചലപതി കൺസ്ട്രക്ഷൻസിനാണു നിർമാണച്ചുമതല. 344.89 കോടി രൂപ ചെലവഴിച്ചു 30 മാസത്തിനകം നിർമാണം പൂർത്തിയാക്കാനാണു കരാർ. ദക്ഷിണ റെയിൽവേയുടെ എറണാകുളത്തെ നിർമാണ വിഭാഗം മേൽനോട്ടം വഹിക്കും. ജനുവരിയിൽ നിർമാണം തുടങ്ങാൻ ലക്ഷ്യമിട്ട് ആദ്യഘട്ട നടപടികൾക്കു തുടക്കമായി.

സ്റ്റേഷൻ വികസന പദ്ധതിക്കു റെയിൽവേ ബോർഡ് അനുമതി നൽകിയിട്ട് ഒരു വർഷമായെങ്കിലും ടെൻഡർ നടപടികളാകാതിരുന്നതു നിർമാണം വൈകിച്ചു. അന്തിമ രൂപരേഖ അംഗീകരിക്കപ്പെട്ടതിനു പിന്നാലെ പുതിയ സ്റ്റേഷന്റെ ത്രിമാന രൂപരേഖ കേന്ദ്രമന്ത്രി സുരേഷ് ഗോപി പുറത്തുവിട്ടിരുന്നു. റെയിൽവേ പ്രഖ്യാപിച്ച അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിപ്രകാരം 393 കോടി രൂപ ചെലവഴിച്ചാകും നിർമാണം എന്നായിരുന്നു ആദ്യ തീരുമാനമെങ്കിലും കരാർ ഒപ്പിട്ടതു 344 കോടി രൂപയ്ക്കാണ്.

സ്റ്റേഷനിൽ വാണിജ്യകേന്ദ്രമൊരുക്കാനുള്ള തീരുമാനം ഒഴിവാക്കിയതു കൊണ്ടാണു പദ്ധതിത്തുകയിൽ കുറവുണ്ടായത്. ഹോട്ടൽ അടക്കമുള്ള വാണിജ്യകേന്ദ്രങ്ങൾ ലാഭകരമാകാനുള്ള സാധ്യത കുറവാണെന്നാണു വിലയിരുത്തൽ. 2024 ഒക്ടോബർ 30ന് ആണു സ്റ്റേഷൻ പുനർനിർമാണത്തിന് അന്തിമ അനുമതിയായത്. കഴിഞ്ഞ നവംബർ മൂന്നിനു കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് തൃശൂർ സ്റ്റേഷനിലെത്തി ഔദ്യോഗിക പ്രഖ്യാപനം നടത്തി. ആദ്യ ടെൻഡർ വിജ്ഞാപനം റദ്ദാക്കപ്പെട്ടതോടെ പദ്ധതി വൈകി. അമൃത് സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണു തിരുവനന്തപുരം സെൻട്രൽ, കൊല്ലം ജംക്ഷൻ, എറണാകുളം ടൗൺ- ജംക്ഷൻ, കോഴിക്കോട് സ്റ്റേഷനുകളിലും വികസനം നടത്തുന്നത്.

# ഐസിഎൽ ഫിൻകോർപ്പിന്റെ പുതിയ എൻ.സി.ഡി ഇഷ്യൂ നവംബർ 17 മുതൽ




**കൊച്ചി:** ഐസിഎൽ ഫിൻകോർപ്പിന്റെ ഏറ്റവും പുതിയ സെക്യൂവേർഡ് റിഡീമബിൾ നോൺകൺവെർട്ടിബിൾ ഡിബഞ്ചറുകളുടെ (എൻസിഡി) പബ്ലിക് ഇഷ്യൂ നവംബർ 17ന് ആരംഭിക്കും. 12.62% വരെ യഥാർത്ഥ ആദായം വാഗ്ദാനം ചെയ്യുന്ന ഈ എൻ.സി.ഡി ഇഷ്യൂ, ഫ്ളെക്സിബിൾ കാലാവധികൾ തേടുന്നവർക്ക് ആകർഷകവും സുരക്ഷിതവുമായ നിക്ഷേപാവസരമാണെന്ന് എസിഎൽ ഫിൻകോർപ്പ്, സി.എം.ഡി അഡ്വ. കെ.ജി. അനിൽകുമാർ, ഹോൾടൈം ഡയറക്ടറും സി.ഇ.ഒയുമായ ഉമാദേവി അനിൽകുമാർ എന്നിവർ വ്യക്തമാക്കി. പുതിയ എൻ.സി.ഡി ഇഷ്യൂ നവംബർ 28 വരെ ഉണ്ടാകും. ഇതിന് CRISIL BBB- /STABLE റേറ്റിംഗ് ലഭിച്ചിട്ടുണ്ട്. ഓരോ എൻ.സി.ഡിയുടെയും മുഖവില 1,000 രൂപയാണ് . 13, 24, 36, 60, 70 മാസങ്ങളിലായി പ്രതിമാസ, വാർഷിക, ക്യൂമുലേറ്റിവ് പലിശ ഓപ്ഷനുകളും ഈ ഇഷ്യൂ വാഗ്ദാനം ചെയ്യുന്നു.

പലിശ നിരക്കുകൾ 10.50% മുതൽ 12.62% വരെയാണ്. കുറഞ്ഞ അപേക്ഷാ തുക 10,000 രൂപയായതിനാൽ ആയതിനാൽ വലിയൊരു വിഭാഗം നിക്ഷേപകർക്ക് ഇത് എളുപ്പത്തിൽ പ്രയോജനപ്പെടുത്താനാകും. ഈ ഇഷ്യൂ വഴി സമാഹരിക്കുന്ന തുക, ഐസിഎൽ ഫിൻകോർപ്പിന്റെ വളർച്ചാ സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനും ഇന്ത്യയിലുടനീളമുള്ള ഉപഭോക്താക്കൾക്കും ഓഹരി ഉടമകൾക്കും നൽകുന്ന സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും തന്ത്രപരമായി വിനിയോഗിക്കും. ഒപ്പം വിശ്വസനീയവും നൂതനവും ഉപഭോക്തൃ കേന്ദ്രീകൃതവുമായ സാമ്പത്തിക സേവനങ്ങൾ നൽകാനുള്ള തങ്ങളുടെ പ്രതിബദ്ധതയുമായി മുന്നോട്ടു പോകുമെന്നും ഇവർ വ്യക്തമാക്കി. മുൻ എൻ.സി.ഡി ഇഷ്യൂകൾക്ക് മികച്ച പ്രതികരണമാണ് ലഭിച്ചത്. നിക്ഷേപകർ തങ്ങളിലർപ്പിച്ച വിശ്വാസത്തിലുള്ള നന്ദി അറിയിക്കുന്നതിനൊപ്പം നിക്ഷേപകർ നൽകുന്ന പിന്തുണ ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾക്കനുസരിച്ച് കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക സേവനങ്ങൾ നൽകാൻ തങ്ങൾക്കുള്ള പ്രചോദനമാണെന്നും ഇരുവരും വ്യക്തമാക്കി. അഖിലേന്ത്യാ തലത്തിൽ സാന്നിധ്യം വർധിപ്പിക്കുന്നതിനുള്ള നടപടികളുമായി ഐസിഎൽ ഫിൻകോർപ്പ് മുന്നോട്ടു പോകുകയാണ്. നിലവിൽ കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, കർണാടക, മഹാരാഷ്ട്ര, ഒഡീഷ, ഗുജറാത്ത്, പശ്ചിമ ബംഗാൾ, ഗോവ എന്നിങ്ങനെ 10 സംസ്ഥാനങ്ങളിലേക്ക് ഐസിഎൽഫിൻകോർപ്പ് സാന്നിധ്യം വ്യാപിച്ചു കഴിഞ്ഞു.

തമിഴ്നാട്ടിൽ 93 വർഷത്തെ ചരിത്രമുള്ള, ബി.എസ്.ഇയിൽ ലിസ്റ്റ് ചെയ്ത എൻ.ബി.എഫ്.സിയായ സേലം ഈറോഡ് ഇൻവെസ്റ്റ്മെന്റ്സ് ഏറ്റെടുത്തത് ധനകാര്യ മേഖലയിലെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തിക്കഴിഞ്ഞു. ഗോൾഡ് ലോണുകൾ, ഹയർ പർച്ചേസ് ലോണുകൾ, ബിസിനസ് ലോണുകൾ എന്നിവ ഉൾപ്പെടെയുള്ള സമഗ്രമായ സേവനങ്ങളുടെ നിരയാണ് ഐസിഎൽ ഫിൻകോർപ്പ് നൽകുന്നത്. ട്രാവൽ, ഫാഷൻ, ഡയഗ്നോസ്റ്റിക്സ്, ചാരിറ്റബിൾ സംരംഭങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിലേക്കും ഐസിഎൽ ഗ്രൂപ്പ് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ടെന്നും ഇരുവരും വ്യക്തമാക്കി.

അടുത്തുള്ള ഐസിഎൽ ബ്രാഞ്ച് സന്ദർശിച്ചോ www.iclfincorp.com. എന്ന സൈറ്റ് സന്ദർശിച്ചോ അപേക്ഷാ ഫോറങ്ങൾ സ്വീകരിക്കാവുന്നതാണ്. കുടുതൽ വിവരങ്ങൾക്ക് +91 85890 20137, +91 85890 20186 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

# പുതിയ മൂന്ന് മോഡലുകൾ അവതരിപ്പിച്ച് യമഹ

**കൊച്ചി:** യമഹ മോട്ടോർ ഇന്ത്യയിൽ പുതിയ തലമുറ ബൈക്കുകളും ഇലക്ട്രിക് മോഡലുകളും അവതരിപ്പിച്ചു. മോഡേൺ റെട്രോ സ്പോർട്സ് ബൈക്ക് എക്സ്എസ്ആർ 155 ഇന്ത്യയിൽ ആദ്യമായി അവതരിപ്പിക്കുന്നതിനൊപ്പം യമഹയുടെ ആദ്യ ഇലക്ട്രിക് മോഡലുകളായ എയിറോക്സ്ഇയും ഇസി06 ഉം പുറത്തിറക്കി. കൂടാതെ യുവാക്കൾക്കായി രൂപകൽപ്പന ചെയ്ത പുതിയ എഫ് ഇസഡ് റേവ് ബൈക്കും പുറത്തിറങ്ങി. എക്സ്എസ് ആർ155ന് വില 1,49,990 രൂപ (എക്സ്ഷോറൂം, ഡൽഹി). ക്ലാസിക് ഡിസൈനും ആധുനിക എഞ്ചിനീയറിംഗും ഒന്നിക്കുന്ന ബൈക്ക്, 155സിസി ലിക്വിഡ്കൂൾഡ് എഞ്ചിനും വിവിഎ സാങ്കേതികവിദ്യയും ഉൾക്കൊള്ളുന്നു.

ഡ്യുവൽ ചാനൽ എബിഎസ്, ട്രാക്ഷൻ കൺട്രോൾ തുടങ്ങിയ സൗകര്യങ്ങൾ ബൈക്കിനുണ്ട്. യമഹയുടെ ആദ്യ ഇലക്ട്രിക് മോഡലായ എയ്റോക്സ്ഇ, 9.4 കെഡബ്ല്യു മോട്ടറും ഡ്യുവൽ 3 കെഡബ്ല്യുഎച്ച് ബാറ്ററിയുമാണ് ഉപയോഗിക്കുന്നത്. 106 കിലോമീറ്റർ റേഞ്ച് വാഗ്ദാനം ചെയ്യുന്ന ഈ ഇവി സ്പോർട്ടി ഡിസൈനും വൈകണക്റ്റ് ആപ്പിനുള്ള സ്മാർട്ട് കണക്റ്റിവിറ്റിയും ഉൾക്കൊള്ളുന്നു. അതേ സമയം ഇസി 06, 160 കിലോമീറ്റർ റേഞ്ച് വാഗ്ദാനം ചെയ്യുന്ന 4.5 കെഡബ്ല്യു മോട്ടർ സജ്ജമായ ദിനസ




ഞ്ചാര ഇവി ആണെന്ന് കമ്പനി അറിയിച്ചു.
യുവ റൈഡർമാർക്കായി പുറത്തിറങ്ങിയ എഫ്ഇസഡ് റേവിന് വില 1,17,218 രൂപയാണ്. 149 സിസി എഞ്ചിൻ, എൽഇഡി പ്രൊജക്ടർ ഹെഡ്ലാമ്പ്, ആധുനിക ഗ്രാഫിക്സ് എന്നിവയാണ് ഹൈലൈറ്റുകളെന്ന് യമഹ മോട്ടോർ ഇന്ത്യ ഗ്രൂപ്പ് ചെയർമാൻ ഇറ്റാരു ഒട്ടാനി പറഞ്ഞു. യമഹയുടെ ആഗോള വളർച്ചയുടെ കേന്ദ്രബിന്ദു ഇന്ത്യയാണ്, പ്രീമിയം, ഇലക്ട്രിക് സഞ്ചാര വിഭാഗങ്ങളിൽ വൻ സാധ്യതകൾ കാണുന്ന വിപണിയാണ് ഇന്ത്യയെന്നും ഇറ്റാരു ഒട്ടാനി പറഞ്ഞു

# സിംബയോസിസ് എംബിഎ പ്രോഗ്രാം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സിംബയോസിസ് ഇന്റർനാഷണൽ (ഡീംഡ് യൂണിവേഴ്സിറ്റി) നടത്തുന്ന സിംബയോസിസ് നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് 2025ന് ഈ മാസം 20 വരെ അപേക്ഷിക്കാം. കമ്പ്യൂട്ടർ അധിഷ്ഠിത ഓൺലൈൻ പരീക്ഷ ഡിസംബർ 6, 14, 20 തീയതികളിൽ നടക്കും. 2026 ജനുവരി ഒമ്പതിന് ഫലം പ്രസിദ്ധീകരിക്കും. ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളടങ്ങിയ പരീക്ഷ ഇന്ത്യയിലെ 79 നഗരങ്ങളിൽ നടക്കും. യോഗ്യതാ പരീക്ഷയിലെ മാർക്ക് കൂടാതെ, ഗ്രൂപ്പ് പ്രവർത്തനം, വ്യക്തിഗത അഭിമുഖം എന്നിവ അടിസ്ഥാനമാക്കിയാണ് പ്രവേശനം. അപേക്ഷകർ അംഗീകൃത സർവകലാശാലയിൽ നിന്നോ ദേശീയാംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നോ കുറഞ്ഞത് 50% മാർക്കോടെ ബിരുദം നേടിയിരിക്കണം (പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് 45% മാർക്ക്). വിദേശ ബിരുദധാരികൾക്ക് ഇന്ത്യൻ സർവകലാശാലകളുടെ അസോസിയേഷൻ (അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് എഐയു) വഴി തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കണം. അപേക്ഷിക്കുന്നതിന് മുമ്പ് പ്രോഗ്രാമുകളുടെ പ്രത്യേക യോഗ്യതാ മാനദണ്ഡങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ പരിശോധിക്കേണ്ടതാണ്.

പ്രവേശന പരീക്ഷ വിജയിക്കുന്നവർക്ക് സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിസിനസ് മാനേജ്മെന്റ് (പൂനെ, ബംഗളൂരു, ഹൈദരാബാദ്, നാഗ്പൂർ, നോയിഡ, എസ്.എസ്.സി.എ.എൻ.എസ്), സിംബയോസിസ് സെന്റർ ഫോർ ഇൻഫർമേഷൻ ടെക്നോളജി, സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ സ്റ്റഡീസ് ആൻഡ് റിസർച്ച്, സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ ബിസിനസ്, സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെലികമ്മ്യൂണിക്കേഷൻ മാനേജ്മെന്റ്, സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ്, സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പറേഷൻസ് മാനേജ്മെന്റ്, സിംബയോസിസ് സെന്റർ ഫോർ മാനേജ്മെന്റ് ആൻഡ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്, തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രവേശനം നേടാം. സിംബയോസിസ് ദേശീയ യോഗ്യതാ പരീക്ഷ, സിംബയോസിസ് സ്ഥാപനങ്ങളുടെ മാനേജ്മെന്റ് ബിരുദാനന്തര പ്രോഗ്രാമുകളിലേക്കുള്ള മുഖ്യ പ്രവേശ കവാടമാണെന്ന് സിംബയോസിസ് ഇന്റർനാഷണൽ (ഡീംഡ് യൂണിവേഴ്സിറ്റി) വൈസ് ചാൻസലർ ഡോ. രാമകൃഷ്ണൻ രാമൻ പറഞ്ഞു. രജിസ്ട്രേഷനായി www.snaptest.org സന്ദർശിക്കുക.

# മുത്തൂറ്റ് ഫിൻകോർപ്പിന് 630.36 കോടി രൂപ അറ്റാദായം

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ (നീല മുത്തൂറ്റ്) പതാകവാഹക സാമ്പത്തിക സേവന സ്ഥാപനമായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് 2026 സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിലെ സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചു.

2026 സാമ്പത്തിക വർഷത്തിലെ ആദ്യ പകുതിയിൽ മൊത്തം കൈകാര്യം ചെയ്യുന്ന ആസ്തി 55,707.53 കോടി രൂപയും അറ്റാദായം 630.36 കോടി രൂപയും സംയോജിത വരുമാനം 4,972.54 കോടി രൂപയിലും എത്തി.

കൈകാര്യം ചെയ്യുന്ന ആസ്തി 40,248.05 കോടി രൂപയും അറ്റാദായം 567.62 കോടി രൂപയും വരുമാനം 3,570.83 കോടി രൂപയുമായി 2026 സാമ്പത്തിക വർഷത്തിലെ രണ്ടാം ത്രൈമാസത്തിൽ 429.81 കോടി രൂപയുടെ സംയോജിത അറ്റാദായവും 2,712.13 കോടി രൂപയുടെ വരുമാനവുമായി മുത്തൂറ്റ് ഫിൻകോർപ്പ് തുടർച്ചയായ വളർച്ച കൈവരിച്ചു. മുൻ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവ് അപേക്ഷിച്ച് വരുമാനം 28.38 ശതമാനവും അറ്റാദായം 59.56 ശതമാനവും വർധിച്ചു.

# വിൽപ്പനയിൽ 10% വളർച്ച നേടി ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** ടാറ്റ മോട്ടോഴ്സ് ലിമിറ്റഡ് ഒക്ടോബർ 2025ൽ ആഭ്യന്തരവും അന്താരാഷ്ട്രവുമായ വിപണികളിൽ 37,530 വാണിജ്യ വാഹനങ്ങൾ വിറ്റു. കഴിഞ്ഞ വർഷം ഇതേ മാസത്തിലെ 34,259 യൂണിറ്റുകളെ അപേക്ഷിച്ച് കമ്പനി 10% വളർച്ചയാണ് കൈവരിച്ചത്. കൊമേർഷ്യൽ വാഹന വിഭാഗങ്ങളിൽ, ഹെവി കൊമേർഷ്യൽ ട്രക്കുകൾ 10,737 യൂണിറ്റ് (7% വളർച്ച), ഇന്റർമീഡിയറ്റ് ആന്റ് ലൈറ്റ് കൊമേർഷ്യൽ ട്രക്കുകൾ 6,169 യൂണിറ്റ് (6% വളർച്ച), പാസഞ്ചർ കാരിയേഴ്സ് 3,184 യൂണിറ്റ് (12% വളർച്ച), പിസിവി കാർഗോയും പിക്കപ്പുകളും 15,018 യൂണിറ്റ് (7% വളർച്ച) എന്നിങ്ങനെയാണ് വിൽപ്പന. ആഭ്യന്തര വിപണിയിൽ 35,108 യൂണിറ്റ് വിറ്റപ്പോൾ, അന്താരാഷ്ട്ര വിപണിയിൽ 2,422 യൂണിറ്റ് വിറ്റു. 56% വളർച്ചയോടെ. എം.എച്ച് ആന്റ് ഐ.സി.വി. വിഭാഗത്തിലെ ആഭ്യന്തര വിൽപ്പന 16,624 യൂണിറ്റും ആഭ്യന്തരവും അന്താരാഷ്ട്രവുമായ മൊത്തം വിൽപ്പന 17,827 യൂണിറ്റുമാണ് രേഖപ്പെടുത്തിയത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പ്രൈം ലൈറ്റ് സേവനങ്ങൾ സഹകരണത്തിനൊരുങ്ങി ഡിഷ് ടിവി ഗ്രൂപ്പും ആമസോൺ പ്രൈമും

**കൊച്ചി:** രാജ്യത്തെ മുൻനിര ഡിടിഎച്ച്, ഒടിടി സേവനദാതാക്കളായ ഡിഷ് ടിവി, ആമസോൺ പ്രൈമുമായി സഹകരിച്ച് ഉപഭോക്താക്കൾക്ക് പ്രൈം ലൈറ്റ് സേവനങ്ങൾ നൽകുന്നു. ഡിടിഎച്ച് സേവനങ്ങൾക്കു പുറമെ വാച്ചോ സ്ട്രീമിംഗ് പ്ലാറ്റ്ഫോം, വി.ഇസഡ്. വൈ സ്മാർട്ട് ടി.വികൾ എന്നിവയിലൂടെയാണ് ഇത് ലഭ്യമാക്കുക. ഉപഭോകതാക്കൾക്ക് ബ്ലോക്ക്ബസ്റ്റർ സിനിമകൾ, ജനപ്രിയ സീരീസുകൾ, പുരസ്കാരം ലഭിച്ച ഇന്ത്യൻ, അന്താരാഷ്ട്ര ഒറിജിനലുകൾ എന്നിവയുൾപ്പെടെ പ്രൈം വീഡിയോയുടെ വിപുലമായ സേവനം ആസ്വദിക്കാമെന്നതാണ് പ്രത്യേകത. ഇതിനു പുറമെ ഫ്രീ ഡെലിവറി ഷിപ്മെന്റ് സൗകര്യത്തോടുകൂടിയ ആമസോൺ ഷോപ്പിങ്ങും ലഭ്യമാകുമെന്ന് ഡിഷ് ടിവി അറിയിച്ചു. സാങ്കേതികവിദ്യ, മികച്ച കണ്ടന്റുകൾ, സൗകര്യപ്രദമായ സേവനങ്ങൾ എന്നിവയിലൂടെ ഹോം എന്റർടെയ്ൻമെന്റ് മേഖലയെ നവീകരിക്കുകയാണ് പരസ്പര സഹകരണത്തിലൂടെ ഡിഷ് ടിവി ലക്ഷ്യമിടുന്നത്. രാജ്യത്തെ ദശലക്ഷക്കണക്കിന് വീടുകളിൽ ഡിഷ് ടിവിയുടെ ഡിടിഎച്ച് സേവനമാണ് ഉപയോഗത്തിലുള്ളത്. പ്രൈം ലൈറ്റ് സൗകര്യം ലഭ്യമാക്കുന്നതോടെ പുത്തൻ സ്ട്രീമിംഗ് സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിച്ച് വിനോദമേഖലയെ ശക്തിപ്പെടുത്താനും ഡിഷ് ടിവി ലക്ഷ്യമിടുന്നു.

ഡിടിഎച്ച് ഉപഭോക്താക്കൾക്ക് റീചാർജ് ചെയ്യുന്നതിലൂടെ സേവനങ്ങൾ ലഭിക്കും. വി.ഇസഡ്.വൈ സ്മാർട്ട് ടി.വി വാങ്ങുന്ന സമയത്തും വാച്ചോ സ്ട്രീമിംഗ് പ്ലാറ്റ്ഫോമിൽ ആഡ് ഓൺ സബ്സ്ക്രിപ്ഷൻ നൽകിയും സേവനം ഉപയോഗിക്കാം. രാജ്യത്തെ മുൻനിര ഇന്റർനെറ്റ് ബ്രോഡ്ബാൻഡ് കമ്പനികളുമായി സഹകരിച്ച് സേവനം ലഭ്യമാക്കുമെന്നും ഡിഷ് ടിവി അറിയിച്ചു. ഉപഭോക്താക്കൾക്ക് എവിടെനിന്നും ഉപയോഗിക്കാനാകുന്ന തരത്തിൽ ലളിതവും വ്യക്തികേന്ദ്രീകൃതവുമായ സേവനങ്ങൾ നൽകാൻ ഡിഷ് ടി.വി പ്രതിജ്ഞാബദ്ധരാണെന്ന് ഡിഷ് ടി.വി ഇന്ത്യയുടെ സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ മനോജ് ധോബൽ പറഞ്ഞു. ആമസോൺ പ്രൈമുമായി സഹകരിക്കുന്നതിലൂടെ വിനോദ മേഖലയിലെ വിപുലവും ഗുണമേന്മയുള്ളതുമായ കണ്ടന്റുകൾ തടസരഹിതമായി ഉപയോഗപ്പെടുത്താനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



## വി.പി നന്ദകുമാറിന് സ്വീകരണം നൽകി

**തൃശൂർ:** ബ്രിക്സ് ബിസിനസ് ഫോറത്തിൽ രാജ്യത്തെ പ്രതിനിധീകരിച്ച മണപ്പുറം ഫിനാൻസ് സിഎംഡിയും ചെയർമാനുമായ വി.പി. നന്ദകുമാറിന് തൃശൂർ മാനേജ്മെന്റ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. ഫിക്കി പ്രതിനിധിയായാണ് വി.പി. നന്ദകുമാർ രാജ്യാന്തര സമ്മേളനത്തിൽ സംബന്ധിച്ചത്. അനുമോദന യോഗം മുഖ്യാതിഥി റവന്യൂ മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു. മാതൃകാപരമായ ജീവകാരുണ്യ പ്രവർത്തനങ്ങളാണ് വി.പി. നന്ദകുമാറിനെ ബിസിനസ് ലോകത്ത് വേറിട്ടു നിർത്തുന്നതെന്ന് മന്ത്രി രാജൻ പറഞ്ഞു.

കോവിഡ് മഹാമാരിയുടെ കാലത്ത് നാടിനെ ചേർത്തുപിടിക്കാൻ വി.പി. നന്ദകുമാർ മുന്നിലുണ്ടായിരുന്നു. വയനാട് ചൂരൽമല ദുരന്തമുണ്ടായപ്പോൾ രണ്ടു കോടി രൂപയുടെ ദുരിതാശ്വാസവുമായി ആദ്യമെത്തിയത് വി.പി. നന്ദകുമാറും മണപ്പുറം ഫൗണ്ടേഷനുമായിരുന്നു. വീടില്ലാത്തവർക്ക് 550 ഓളം വീടുകൾ വച്ചു നൽകാനും നിരാലംബരായ ഒട്ടേറെ പേർക്ക് ആലംബമായി മാറാനും സമൂഹത്തിന്റെ സമസ്ത മേഖലയിലും സേവനസന്നദ്ധതയോടെ തന്റെ മുദ്രപതിപ്പിക്കാനും കഴിഞ്ഞ അദ്ദേഹത്തിന് കൂടുതൽ ഉയരങ്ങളിലേക്ക് സഞ്ചരിക്കാൻ കഴിയട്ടെ എന്ന് മന്ത്രി ആശംസിച്ചു. തൃശൂർ മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് പത്മകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ടിഎംഎ ഓണററി സെക്രട്ടറി പി.ജെ ഷാജി പങ്കെടുത്തു. ലയൺസ് ക്ലബ്ബ് വൈസ് ഡിസ്ട്രിക്റ്റ് ഗവർണർമാരായ സുരേഷ് വാര്യർ, കെ.എം. അഷ്റഫ്, ടിഎംഎ മാനേജിംഗ് കമ്മിറ്റി അംഗം രഞ്ജൻ ശ്രീധരൻ തുടങ്ങിയവർ പങ്കെടുത്തു.




